വഴിവെളിച്ചം

# ഭൗതിക ജീവിതം നൈമിഷികമാണ്

عَن أَنَس بن مَالِك رَضِي اللَّهُ عَنه قَالَ: خطَّ النَّبِي ﷺ خُطُوطًا ، فَقَالَ ﷺ: هَذَا الإِنْسَانُ وَ هَذَا أَجَلُه فَبَيْنَمَا هُوَ كَذَلك إِذْ جَاءَهُ الخَطُّ الأَقْرَبُ

**അനസുബ്നു മാലികിൽനിന്ന്: നബി(സ) ചില വരകൾ വരച്ചു. എന്നിട്ടു പറഞ്ഞു: "ഇതാണ് മനുഷ്യൻ, ഇത് അവന്റെ ആയുസ്. അവനങ്ങനെ കഴിഞ്ഞു കൂടവെ തൊട്ടടുത്ത വര (മരണം) അവനെത്തേടി വന്നെത്തുന്നു." (ബുഖാരി)**

**ജീവിതത്തിന്റെ** നൈമിഷികതയും നശ്വരതയും ഓർക്കാതെ മനുഷ്യൻ നെയ്തു കൂട്ടുന്ന അറ്റമില്ലാത്ത മോഹവലയങ്ങളെക്കുറിച്ച് ഓർമപ്പെടുത്തുന്ന ഒരു നബിവചനമാണിത്.

ഇതേ ആശയമുള്ള മറ്റൊരു ഹദീസ് ഇങ്ങനെയാണ്. അബ്ദുല്ലാ(റ) ഉദ്ധരിക്കുന്നു: നബി(സ) ഒരു ചതുരം വരച്ചു. അതിന്റെ മധ്യത്തിൽ അവിടുന്ന് പുറത്തേക്ക് നീണ്ടുനിൽക്കുന്ന ഒരു രേഖ വരച്ചു. നടുവിലുള്ള രേഖ ലക്ഷ്യമാക്കി അതിന്റെ ഭാഗങ്ങളിലായി കുറേ ചെറിയ രേഖകളും വരച്ചു. നബി(സ) പറഞ്ഞു: മധ്യത്തിലുള്ള ഈ നീണ്ട രേഖയാണ് മനുഷ്യൻ. ഈ വലയം അവനെ പൊതിഞ്ഞ് നിൽക്കുന്ന ആയുസിന്റെ അവധിയാണ്. പുറത്തേക്ക് നീണ്ടുനിൽക്കുന്നത് അവന്റെ ആഗ്രഹങ്ങളാണ്. ചെറുരേഖകൾ ആപത്തുകളാണ്. ആപത്തുകളിൽ ഒന്നിൽ നിന്നവൻ രക്ഷപ്പെട്ടാൽ മറ്റേത് അവനെ പിടികൂടും. അതിൽനിന്നും രക്ഷപ്പെട്ടാൽ വേറൊന്ന് അവനെ പിടിക്കും (ബുഖാരി)

'ഇഹലോകത്തിന്റെ അലങ്കാരമാണ് സമ്പത്തും സന്താനവും' എന്ന ഖുർആനിക വചനത്തെ തിരസ്കരിച്ച് സമ്പത്തിന്റെയും ഭൗതികതയുടെയും പിന്നാലെ മനക്കോട്ട കെട്ടുകയാണ് മനുഷ്യർ. ഇബ്നു അബ്ബാസ് ഉദ്ധരിക്കുന്നു: നബി(സ) പറയുന്നത് ഞാൻ കേട്ടു. "മനുഷ്യന് സമ്പത്തിന്റെ രണ്ട് താഴ്‌വരയുണ്ടായാലും മൂന്നാമതൊന്നു കൂടി അവൻ ആഗ്രഹിക്കും. അവന്റെ ഉള്ളം നിറക്കാൻ മണ്ണിനല്ലാതെ സാധ്യമല്ല" (ബുഖാരി, മുസ്‌ലിം).

മനുഷ്യന്റെ നിസ്സഹായതയെക്കുറിച്ച് ഖുർആൻ നിരന്തരം ഉണർത്തിക്കൊണ്ടിരിക്കുന്നു. പ്രകൃതിക്ഷോഭങ്ങളും മറ്റും അവനെ ഉണർത്തുന്നത് ഇത് തന്നെയാണ്. ഉയരങ്ങൾ കീഴടക്കാൻ മനക്കോട്ട കെട്ടുന്ന തന്നെ വിഴുങ്ങാൻ നിൽക്കുന്ന ആപത്തുകൾ അവൻ ശ്രദ്ധിക്കുന്നില്ല. സുഖലോലുപനായി ജീവിക്കാൻ കൊതിച്ച് താൻ ചെയ്യുന്ന പ്രവർത്തനങ്ങൾ മൂലം വലിയ നാശമാണ് വരാനിരിക്കുന്നത് എന്നോർക്കുന്നില്ല. ഇത്തരക്കാർക്ക് ഇഹലോകവും പരലോകവും ഒരുമിച്ച് നഷ്ടപ്പെടുകയാണ്.

വൃദ്ധന്റെ ഹൃദയം രണ്ടു കാര്യങ്ങളിൽ യുവാവായിരിക്കും, അതിലൊന്ന് ഈ ലോകത്തോടുള്ള അതിമോഹമാണ് എന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. പ്രായപരിധികളില്ലാതെ മനുഷ്യൻ ദൈവത്തെ മറന്ന്, നാളെ വരാനിരിക്കുന്ന ജീവിതത്തെ മറന്ന് തന്നിഷ്ടപ്രകാരം ജീവിക്കുന്നു. എല്ലാ ജീവിത രസങ്ങളെയും അറുത്ത് മാറ്റുന്ന മരണം തന്റെ തൊട്ടുമുമ്പിലുണ്ട് എന്നോർക്കാതെ. അതോർമിപ്പിക്കുകയാണ് ഈ നബിവചനം. ■

**ജാസിൻ പരുത്തിക്കുഴി**